പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 202 — 11-06-2012 -ൽ മറുപടിക്ക്.

## സാഫല്യം ഫ്ളാറ്റ് നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി.എസ്. ജയലാൽ | ശ്രീ. കെ. എം. മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന ഭവന നിർമ്മാണ വകുപ്പ് ഗ്രാമീണ മേഖലയിലെ ഭവനരഹിതരെ പുനരധിവസിപ്പിക്കുന്നതിലേക്ക് ''സാഫല്യം'' എന്ന നാമധേയത്തിൽ ഒരു പദ്ധതി നടപ്പിലാക്കുന്നുണ്ടോ; എങ്കിൽ ഏത് ഏജൻസി മുഖേനയാണ് പദ്ധതി ആവിഷ്ക്കരിക്കുന്നത്; | (എ) ഉണ്ട്; കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് മുഖേന. |
| (ബി) പ്രസ്തുത പദ്ധതി കൊല്ലം ജില്ലയിലെ ചാത്തന്നൂർ ഗ്രാമപഞ്ചായത്തിൽ എവിടെയാണ് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നതെന്നും എന്തൊക്കെ കാര്യങ്ങളാണ് വിഭാവന ചെയ്തിട്ടുള്ളതെന്നും അറിയിക്കുമോ; | (ബി) കൊല്ലം ജില്ലയിലെ മീനാട് വില്ലേജിലെ ചാത്തന്നൂരിൽ സർവ്വെ നം. 203/9-1 -ൽ പ്പെട്ട 1584 ച. മീറ്റർ വിസ്തീർണ്ണമുള്ള ഭൂമിയിൽ 3 നിലകളുള്ള ബ്ലോക്കുകളിലായി 48 ഒരു ബെഡ് റൂം ഫ്ലാറ്റുകളാണ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്. |
| (സി) പദ്ധതി എന്ന് ആരംഭിക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്; എന്ന് പൂർത്തീകരിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കുമോ; | (സി) ഒരു വർഷത്തെ കാലയളവിനുള്ളിൽ തന്നെ ഈ പദ്ധതി നടപ്പിലാക്കു വാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

(ഡി) സാഫല്യം ഫ്ളാറ്റ് നിർമ്മാണത്തിലേക്ക് എത്ര രൂപയാണ് ആകെ ആവശ്യമായി വരുന്നതെന്നും ഇതിലേക്ക് എന്ത് ക്രമീകരണങ്ങളാണ് ബന്ധപ്പെട്ടവർ തയ്യാറാക്കിയിട്ടുള്ളതെന്നും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിലേക്ക് നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ?

(ഡി) **2688 ലക്ഷം രൂപ ഈ പദ്ധതിക്ക് പദ്ധതിച്ചെലവായി കണക്കാക്കിയിട്ടുണ്ട്;** ഈ പദ്ധതിയിലെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് സംബന്ധിച്ചുള്ള മാനദണ്ഡങ്ങളും ക്രമീകരണങ്ങളും താഴെ പറയും പ്രകാരമാണ്:

**(a)ഗുണഭോക്താക്കളുടെ അർഹതാ മാനദണ്ഡം.**

പദ്ധതി പ്രദേശമുൾപ്പെടുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലേയോ സമീപങ്ങളിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയോ ദുർബലവിഭാഗത്തിൽപ്പെട്ട ഭൂ-ഭവനരഹിതരായ വ്യക്തികളെ (ബി.പി.എൽ) ഇതിൻെറ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കാവുന്നതാണ്. അർഹരായ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള അധികാരം Beneficiary Selection Committee - ക്കായിരിക്കും.

**(b)ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നBeneficiarySelection Committee - യിലെ അംഗങ്ങൾ**

ഈ കമ്മിറ്റിയിൽ ചെയർമാൻ ഉൾപ്പെടെ 3 അംഗങ്ങൾ ഉണ്ടായിരിക്കും.

**(i)** ഭവന നിർമ്മാണ ബോർഡിൻെറ ബന്ധപ്പെട്ട ഡിവിഷനിലെ എക്സി. എൻജിനീയറോ അദ്ദേഹം നിർദ്ദേശിക്കുന്ന ഉദ്യോഗസ്ഥനോ ആയിരിക്കും കമ്മിറ്റിയുടെ ചെയർമാൻ.

**(ii)** പദ്ധതി നടപ്പിലാക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ സെക്രട്ടറിയോ അദ്ദേഹം നിർദ്ദേശിക്കുന്ന ഉദ്യോഗസ്ഥനോ ആയിരിക്കും കമ്മിറ്റിയുടെ ഒരു മെംബർ.

**(iii)** പദ്ധതി പ്രദേശത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ വാർഡ് മെംബർ/വാർഡ് കൗൺസിലർ ആയിരിക്കും മറ്റൊരു മെംബർ.

**(c) ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന വിധം**

**(i)** ഭൂ-ഭവനരഹിതരായ ദുർബലവിഭാഗക്കാരായ വ്യക്തികളുടെ വിവരശേഖരണത്തിനായി കേരളത്തിലെ 14 ജില്ലകളിലും പ്രചാരത്തിലുള്ള 3 മലയാള ദിനപ്പത്രങ്ങളിലെങ്കിലും വ്യാപകമായ പരസ്യപ്രചാരണം നടത്തി ഒരു ജില്ലാതല ഡാറ്റാ ബാങ്ക് രൂപീകരിക്കുന്നതാണ്. ഇതിന് 100 രൂപ വീതം രജിസ്ട്രേഷൻ ഫീസ് ഗുണഭോക്താവ് ഒടുക്കേണ്ടതാണ്.

**(ii)** ടി ഡാറ്റാ ബാങ്കിൽനിന്നും പദ്ധതിക്കുവേണ്ടി പദ്ധതി നടപ്പിലാക്കുന്ന പ്രദേശമുൾപ്പെടുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെയോ സമീപങ്ങളിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയോ ഗുണഭോക്താക്കൾക്ക് മുൻഗണന നൽകി അപേക്ഷ വാങ്ങി (അപേക്ഷാഫാറം ഫീസ് 10 രൂപ) യുക്തമായ നടപടിക്രമത്തിലൂടെ ഗുണഭോക്താവിനെ Beneficiary Selection Committee തെരഞ്ഞെടുക്കുന്നതാണ്.

സെക്ഷൻ ഓഫീസർ